# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.479**      **27.06.2019 - ൽ മറുപടിയ്ക്ക്**

## <u>മരുന്ന് വിതരണത്തിലെ പ്രതിസന്ധി</u>

| | ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.എ.പി. അനിൽ കുമാർ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലേക്കുള്ള മരുന്ന് വിതരണം പ്രതിസന്ധിയിലായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്; | (എ) | ഇല്ല. നടപ്പ് സാമ്പത്തിക വർഷം (2019-20) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്പെഷ്യാലിറ്റി മരുന്നുകൾ ഉൾപ്പെടെ 158.34 കോടി രൂപയുടെ ഇൻഡന്റാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് ലഭിച്ചിട്ടുള്ളത്. ഇൻഡന്റിന് ആനുപാതികമായുള്ള മരുന്നുകൾ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കും വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | സ്റ്റെന്റ് വിതരണ കമ്പനികൾക്ക് കുടിശ്ശിക തുക നൽകുവാനുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു<br>തിരുവനന്തപുരം മെഡിക്കൽ കോളേജ് - 22,00,00,000<br>ആലപ്പുഴ മെഡിക്കൽ കോളേജ് - 6,45,81,069<br>കോട്ടയം മെഡിക്കൽ കോളേജ് - 6,04,22,370<br>തൃശ്ശൂർ മെഡിക്കൽ കോളേജ് - 1,13,40,000<br>കോഴിക്കോട് മെഡിക്കൽ കോളേജ് - 12,10,95,274<br>--------------<br>ആകെ 47,74,38,71 |
| (സി) | അടിയന്തരമായി കുടിശ്ശിക തുക നൽകി പാവപ്പെട്ട രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇൻഷുറൻസ് കമ്പനികളിൽ നിന്നും (സ്കീമുകളിൽ നിന്ന്) തുക ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്. |

സെക്ഷൻ ആഫീസർ